Noes

1. Rama Varmha Tampuran
2. Rao Sahib A. Madhava Prabhu
3. Mr. V. K. Aravindaksha Menon
4. Mr. M. Sivarama Menon
5. Mr. B. V. K. Menon
6. Rao Sahib C. J. Mathew
7. Mr. S. Venkiteswaran
8. Rao Sahib M. M. Paul
9. Mr. P. Sankaran Nambiyar
10. Rao Sahib P. V. Raphael

Mr. Deputy President: The motion is carried with 29 for and 10 against.

Motion put and carried

Clause 2 put and carried

Clause 1 put and carried

Title and preamble put and carried

(At this stage the Hon'ble President resumed the Chair)

(iii) The Cochin Verumpattamdars' Act (Amendment) Bill

Mr. V. R. Krishnan Ezhuthassan *(Oorakam):* I move for the introduction of the Cochin Verumpattomdars' Act (Amendment) Bill.

Choudhury G. S. Dhara Singh *(Mattancheri):* I second it.

* മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: സർ, ഈ ബിൽ കൊച്ചിൻ വെറുമ്പാട്ടക്കുടിയാൻ ആക്ട് VIII/1118 എന്ന നിയമത്തിൽ ഏതാനും ഭേദഗതികൾ വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ട് ഞാൻ അവതരിപ്പിക്കുന്നതാണ്. ഈ രാജ്യത്തെ വെറുമ്പാട്ടക്കുടികിടക്കാരുടെ നടപ്പവകാശത്തിന്റെ സ്ഥിരതയും പാട്ടത്തിന്റെ ന്യായമായ വ്യവസ്ഥയും ചെയ്യുവാൻവേണ്ടി, ഗവൺമെണ്ടുഭാഗത്തുനിന്നു അവതരിപ്പിച്ചു പാസ്സാക്കിയ ഒരു നിയമമാണ് ഇന്നത്തെ കൊച്ചിൻ വെറുമ്പാട്ടക്കുടിയാൻ ആക്ട്. ആ നിയമത്തിൽ വെറുമ്പാട്ടക്കുടികിടക്കാർക്കു ആവശ്യമായ ചില നല്ല വ്യവസ്ഥകളും ഉണ്ടെങ്കിലും അവരുടെ ആവശ്യങ്ങൾക്കു മതിയാകുന്ന വ്യവസ്ഥകളും അതിൽ അടങ്ങിയിട്ടില്ലെന്നുള്ള പരാതി അന്നും ഇന്നും നിലവിലുള്ളതാണ്. സ്ഥിരാവകാശം നൽകുന്ന വ്യവസ്ഥ അതിൽ സാമാന്യമായി അടങ്ങിട്ടുണ്ടെങ്കിലും ആ സ്ഥിരാവകാശത്തെ പരാജയപ്പെടുത്തുവാൻ ജന്മികൾക്കു അവസരവും സൌകര്യവും നൽകുന്ന വ്യവസ്ഥകളും അതോടൊപ്പംതന്നെയുണ്ട്. മുറ്റാദപാട്ട വ്യവസ്ഥ വളരെ അപര്യാപ്തമായ ഒരു നിലയിൽ മാത്രമാണ് ആ നിയമത്തിൽ അടങ്ങിയിട്ടുള്ളതു. ആ നിയമത്തിലെ വ്യവസ്ഥ ആ കാലത്തു ഏതൊരു പാട്ടത്തോതാണോ നിലവിലുണ്ടായിരുന്നതു ആ പാട്ടത്തോതു ഇന്നും നിലനില്ക്കണമെന്നാണ്. അതിനെക്കുറിച്ചു തല്ക്കാലം ഒന്നും ചെയ്യുവാൻ ഞാൻ ഈ ബില്ലിൽ ഉദ്ദേശിച്ചിട്ടില്ല. എന്നാൽ സാധാരണയായി ജന്മികുടിയാൻ വ്യവസ്ഥയിലുള്ള ക്രമക്കേടുകളെ, ജന്മികളുടെ പ്രത്യേകമായിട്ടുള്ള സ്ഥാനത്തേയും നിലയേയും ഉപയോഗിച്ചു അവർ കുടിയാന്മാരെ ദ്രോഹിക്കുന്ന സമ്പ്രദായങ്ങളെ ഇല്ലായ്മചെയ്യണമെന്നുള്ളതാണ് ഈ ബില്ലിന്റെ ഉദ്ദേശം.

ഇതിലെ ഒരു വിഷയത്തെക്കുറിച്ചു രണ്ടു വാക്കു പറയുവാൻ ഞാൻ ഉദ്ദേശിക്കുന്നു. അതായതു വെറുമ്പാട്ടക്കാർ എന്ന വ്യാഖ്യാനത്തിൽ വാരം അല്ലെങ്കിൽ പങ്കുപാട്ടം എന്ന വ്യവസ്ഥയനുസരിച്ചു കൃഷി നടത്തുന്ന ആളുകളെക്കൂടി ഉൾപ്പെടുത്തണമെന്നു ഞാൻ ഉദ്ദേശിച്ചിരുന്നു. എന്നാൽ അതിനെ സംബന്ധിച്ചു കൂടുതലായി ഇനിയും ചില കാര്യങ്ങൾ മനസ്സിലാക്കിയശേഷം അതിനു തക്കവണ്ണമുള്ള വ്യവസ്ഥ മേലാൽ കൊണ്ടുവരാമെന്നുദ്ദേശിക്കുന്നു. എന്തുകൊണ്ടെന്നാൽ വാരം അല്ലെങ്കിൽ പങ്കുപാട്ടം എന്നുള്ള സമ്പ്രദായത്തെ ജന്മികൾ ഇന്നു ദുരുപയോഗപ്പെടുത്തി സാധു കുടിയാന്മാരെ അവരുടെ അവകാശത്തിൽനിന്നു പുറത്താക്കുവാൻവേണ്ടി ഉപയോഗിക്കുന്നുണ്ടെങ്കിലും വാരം എന്നതിൽ സ്ഥിരാവകാശമായി കണക്കാക്കുവാൻ വയ്യാത്ത പരിതസ്ഥിതിയില്ലെന്നു ശഠിക്കുന്നതു വിഷമമായിരിക്കും. അതിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ പലതും അന്വേഷിച്ചു വാരക്കാർക്കു അല്ലെങ്കിൽ പങ്കുപാട്ടക്കാർക്കു ന്യായമായ രക്ഷ കിട്ടത്തക്ക വ്യവസ്ഥ പിന്നീടു കൊണ്ടുവരാമെന്ന നിലയിൽ ഞാൻ ഈ ബില്ലിലെ സി. ഡി. ക്ലോസ്സുകളിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ വരുത്തണമെന്നു തല്ക്കാലം ആഗ്രഹിക്കുന്നില്ല.

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

മൂന്നാം സെക്ഷനിൽ ഞാൻ ഉദ്ദേശിച്ചിട്ടുള്ളതു് മനിസിപ്പാലിറ്റിയിലുള്ള വെറുമ്പാട്ട ഭൂമികൾക്കു ഈ നിയമം ബാധകമാക്കണമെന്നാണു്.

നാലാം സെക്ഷനിൽ സി, ഡി, എഫ്, എന്നീ വെറുമ്പാട്ട നിയമത്തിലെ എട്ടാം വകുപ്പിലെ ഭാഗങ്ങൾ എടുത്തുകളയണമെന്നാണു് ആവശ്യപ്പെട്ടന്നതു്. ഇതുകൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു്, പാട്ടബാക്കിക്കുവേണ്ടി ഭൂമി ഒഴിപ്പിക്കുക എന്നുള്ള എടുപ്പാടു് നിറുത്തണമെന്നാണു്. പാട്ടബാക്കി പിരിക്കുവാനായിട്ടു ജന്മിക്കു സാധാരണ ഒരു കുടം പിരിക്കുന്നതുപോലെ, വ്യവഹാരംകൊടുത്തു അതിനുവേണ്ടി ഭൂമി വില്ലിക്കുക മുതലായ മേൽനടപടികൾ എടുത്താൽ മതിയെന്ന വ്യവസ്ഥയാണു് ഈ മാറ്റത്തിനു ആസ്പദമായിട്ടുള്ളതു്. സി, ഡി, ഉപവകുപ്പുകളിൽ വരുത്തുവാൻ ഉദ്ദേശിച്ച മാറ്റങ്ങളെല്ലാം ഈ ഉദ്ദേശത്തോടുകൂടിയാണു്. എഫിലെ മാറ്റത്തെക്കുറിച്ചു ഒരു വാക്കു പറയുവാനുള്ളതു് ജന്മിക്കു കെട്ടിടമുണ്ടാക്കേണ്ട ആവശ്യത്തിനുവേണ്ടി ഭൂമി ഒഴിപ്പിക്കുന്നതു് നിറുത്തലാക്കണമെന്ന ഉദ്ദേശമാണു്. വെറുമ്പാട്ടക്കാരന്റെ അവകാശം വിലകൊടുത്തുവാങ്ങി ഉപയോഗിക്കുക എന്നുള്ളതല്ലാതെ ജന്മിക്കുള്ള അവകാശത്തിന്റെ അടിസ്ഥാനത്തിന്മേൽ അതു് ഒഴിപ്പിച്ചെടുക്കുവാൻ പാടില്ലെന്നാണു് ഞാൻ സിദ്ധാന്തിക്കുന്നതു്.

അഞ്ചാം വകുപ്പിലുള്ള മാറ്റത്തെക്കുറിച്ചു് രണ്ടു വാക്കു പറയുവാനുള്ളതു്, പാട്ടം സർക്കാർ പറക്കു അളക്കണമെന്ന വ്യവസ്ഥയില്ലാത്തതുകൊണ്ടു് ഇന്നു ജന്മിമാർ കുടിയാന്മാരെ കണക്കിലേറെ ദ്രോഹിക്കുന്നുണ്ടു് എന്നുള്ളതാണു്. പത്തുപറ അളക്കേണ്ടതിനു പന്ത്രണ്ടും പതിമൂന്നും പറ അളക്കേണ്ട ചില ഘട്ടങ്ങളും ഇന്നു ഉണ്ടായിതീരുന്നു. ഇന്നു ജന്മിമാരുടെ പാട്ടം അളക്കുന്നതു് അവരുടെ പറ അനുസരിച്ചാണു്. അതു ഒരു ക്ലിപ്തമില്ലാത്ത പറയാകയാൽ പ്രത്യേക സമ്പ്രദായമനുസരിച്ചു പല ന്യൂനതകളും അതുമൂലം വന്നുചേരുന്നതു് ഇല്ലാതാക്കണമെന്നാണു് ഈ മാറ്റംകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്.

പിന്നീടുള്ള വകുപ്പിൽ ആവശ്യപ്പെട്ടിട്ടുള്ളതു് ജന്മി പാട്ടം വാങ്ങി രസീതുകൊടുക്കുവാൻ തയ്യാറാകാത്തപക്ഷം പാട്ടം അളക്കേണ്ട നെല്ലിന്റെ അതാതു കാലത്തെ മാർക്കറ്റു നിലവാരമനുസരിച്ചുള്ള വില അയച്ചുകൊടുത്താൽ അതു് ശരിയായ പാട്ടം കൊടുക്കലായി പരിഗണിക്കണമെന്നാണു്. അതു് ഇന്നു നിലവിലുള്ള നിയമത്തിൽ ഇല്ലാത്തതുമൂലം വളരെ അധികം നഷ്ടങ്ങൾ കുടിയാന്മാർക്കുണ്ടു്.

ആറാംവകുപ്പിൽ ഞാൻ ആവശ്യപ്പെടുന്നതു് ജന്മിയുടെ വകയായിട്ടുള്ള ഭൂമി സർക്കാരാവശ്യത്തിനുവേണ്ടി അകപയർ ചെയ്യുമ്പോൾ കിട്ടുന്ന അകപിസിഷൻ പാർജ്ജു് ജന്മിക്കും കുടിയാനും ഓഹരിയായി വീതിക്കേണ്ടതിനെ സംബന്ധിച്ചാണു്. ഇന്നു എട്ടിൽ ഏഴുഭാഗം ജന്മിക്കും ഒരു ഭാഗം മാത്രം കുടിയാനും കൊടുക്കുവാൻ നിശ്ചയിച്ചിട്ടുണ്ടു്. അതു മാറ്റി പകുതി വീതമാക്കണമെന്നാണു് ഈ വ്യവസ്ഥകൊണ്ടു് ആവശ്യപ്പെടുന്നതു്. ജന്മിയുടെ താല്പര്യാവകാശത്തോളംതന്നെ തുല്യപ്രാധാന്യമുള്ള ഒരു നിലകുടിയാന്റെ അവകാശത്തിനും ഉണ്ടായിതീരണമെന്നാണു് ഞാൻ ഇതുകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. ഈ മാറ്റങ്ങളൊക്കെല്ലാം എന്തെങ്കിലും വ്യത്യാസങ്ങൾ വരുത്തണമോ വേണ്ടയോ എന്നുള്ളതിനെപ്പറ്റി ക്ഷുലങ്കഷമായ ഒരന്വേഷണം നടത്തുവാൻ ഇതൊരു സെലക്ടു കമ്മിറ്റിക്കു അയക്കുന്നതിനും താല്പര്യമുണ്ടു്. ഈ ബില്ലിലെ വ്യവസ്ഥകളെക്കുറിച്ചു ഈ അവസരത്തിൽ കൂടുതലായി ഒന്നും പ്രതിപാദിക്കണമെന്നു ഉദ്ദേശിക്കുന്നില്ല.

* മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, ഗവമ്മെണ്ടിൽനിന്നു വെറുമ്പാട്ടക്കുടിയാൻ നിയമം പാസ്സാക്കിയതുതന്നെ കുടിയാനു് എന്തെങ്കിലും രക്ഷ നൽകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു്. പക്ഷെ അവരെ തോല്പിക്കുവാൻവേണ്ടിയും ഗവമ്മെണ്ടിന്റെ ഉദ്ദേശത്തെ നശിപ്പിക്കുവാൻവേണ്ടിയും ഇന്നു ജന്മിമാർ കുടിയാന്മാരോടു കാണിച്ചുകൊണ്ടിരിക്കുന്ന ചില ദ്രോഹങ്ങളാണു് ഈ ബില്ലുകൊണ്ടുവരുവാൻ കാരണമായിട്ടുള്ളതു്. ജന്മിമാർ കുടിയാന്മാരെ നിർബ്ബന്ധിച്ചു കുടിയാനെക്കൊണ്ടു വെറുമ്പാട്ട ഭൂമിക്കു പങ്കുവാരച്ചീട്ടു എഴുതിവാങ്ങിക്കുകയാണു് ചെയ്യുന്നതു്.

വെറുമ്പാട്ട ആക്ടു് വന്നതിനുശേഷം എത്ര കുടിയാന്മാരെ ഒഴിവാക്കീട്ടുണ്ടെന്നു നോക്കുന്നതായാൽ ഏകദേശം ജന്മിമാർ കുടിയാന്മാരോടു് അനുവർത്തിച്ചുവരുന്ന നയമെന്താണെന്നു നമുക്കു മനസ്സിലാക്കുവാൻ സാധിക്കുന്നതാണു്. പങ്കുപാട്ടവസ്തുക്കളെ സംബന്ധിച്ചിടത്തോളം ജന്മിക്കു് ഏതുവിധത്തിലും കുടിയാനെക്കൊണ്ടു് എത്രം പ്രവർത്തിപ്പിക്കുവാനും അവകാ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

വശ്യമുള്ള സമയത്തു് ഒഴിപ്പിക്കുവാനും സാധിക്കുന്നതാണു്. ഗവമ്മെണ്ടിൽനിന്നു കുടിയാന്മാക്കു രക്ഷചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടി ചെയ്തിട്ടുള്ള വ്യവസ്ഥകളെ ജന്മികൾ ഉന്മൂലനാശം വരുത്തുകയാണു് ചെയ്തിട്ടുള്ളതു്. പിന്നെ പറയുടേയും അളവിന്റേയും കാര്യങ്ങളെ സംബന്ധിച്ചു പറയുകയാണെങ്കിൽ എത്രയോ തരത്തിലുള്ള പറകൾ ജന്മികളുടെ വീടുകളിൽ കാണാൻ സാധിക്കും? ഗവമ്മെണ്ടു സ്റ്റാന്റേർഡു് പറയുണ്ടെങ്കിലും ഓരോ ജന്മിമാരും കുടിയാന്മാരുടെ കയ്യിൽനിന്നും പാട്ടം അളന്നുവാങ്ങിക്കുന്നതിനു ചില പ്രത്യേക പറകളാണു് ഉപയോഗിച്ചുവരുന്നതു്. അവർ ഉപയോഗിക്കുന്ന പറകൾ തലപ്പില്ലി മുദ്രപ്പറ, കൊക്കാല മുദ്രപ്പറ ഇങ്ങനെയുള്ള പറകളാണെന്നു കാണുവാൻ സാധിക്കും. കുടിയാൻ സ്റ്റാന്റേർഡു് പറയനുസരിച്ചുള്ള നെല്ലു് അളന്നു ജന്മിയുടെ വീട്ടിൽ പാട്ടം കൊടുക്കുവാനായി കൊണ്ടുചെല്ലുന്ന അവസരത്തിൽ ജന്മി അവിടെ ഉപയോഗിക്കുന്ന പറകൊണ്ടു് അളന്നെടുക്കും. അപ്പോൾ ഒരു പറയിൽ ചിലപ്പോൾ നാലോ അഞ്ചോ ഇടങ്ങഴി നെല്ലു കുറയും. അതുകൊണ്ടു കുടിയാനു പാട്ടം മുഴുവൻ തീർത്തുകൊടുക്കുവാൻ സാധിക്കാതെ മടങ്ങിപ്പോകേണ്ടിവരും. ഈ നിബന്ധന നിലനില്ക്കുന്നിടത്തോളം കാലം പാട്ടക്കുടിശ്ശിക വരുത്തിയാൽ ആ കാരണത്തിന്മേൽ ജന്മിക്കു സ്ഥലം ഒഴിപ്പിക്കുകയും ചെയ്യാം. വെറുമ്പാട്ട ആക്ടു് വന്നതിനുശേഷം ജന്മിമാർ വളരെ കുടിയാന്മാരെ ഒഴിവാക്കിയിട്ടുണ്ടു്. ഭൂമികൾ വളരെക്കാലം കൈവശം വെച്ചുകൊണ്ടിരുന്ന കുടിയാന്മാരെ ദാരിദ്ര്യത്തിലാക്കി ജന്മിമാക്കു് ഒഴിപ്പിക്കുവാനും സാധിച്ചിട്ടുണ്ടു്. പാട്ടത്തെ കാര്യത്തിൽ ജന്മിമാർ കുടിയാന്മാരോടനുവർത്തിച്ചുവരുന്ന നയത്തിനു് ഒരു പരിഹാരമാർഗ്ഗം ഗവമ്മെണ്ടുണ്ടാക്കേണ്ടതാണു്. ഗവമ്മെണ്ടു സ്റ്റാന്റേർഡു പറയൊഴിച്ചു മറ്റേതെങ്കിലും പറകൾ ആരെങ്കിലും ഉപയോഗിക്കുന്നപക്ഷം അതു തീർച്ചയായിട്ടും കഠിനകരമാക്കണം.

ലാന്റു് അകൂസിഷൻ കാര്യത്തെക്കുറിച്ചാണു് ഇനി എനിക്കു പറയുവാനുള്ളതു്. ചില കുടിയാന്മാർ ആറുകൊല്ലത്തിലധികം ഭൂമി കൈവശം വെച്ചു് അതിൽ പലേ അനുഭവങ്ങളുമുണ്ടാക്കി നല്ലനിലയിൽ നടന്നുകൊണ്ടിരിക്കെ ആ ഭൂമി ഗവമ്മെണ്ടിൽനിന്നു് അകൂയർചെയ്യുകയും അതിനു കൊടുക്കുന്ന സംഖ്യയുടെ ¼ ഭാഗം മാത്രമാണു് കുടിയാനു കിട്ടുന്നതു്. അങ്ങിനെ നോക്കുന്നതായാൽ ഒരു കുടിയാന്റെ സ്ഥലം മുഴുവനും ഗവമ്മെണ്ടിലേക്കു് എടുക്കുമ്പോൾ ഏറ്റവും തുച്ഛമായ ഒരു സംഖ്യ മാത്രമേ കുടിയാനു കിട്ടുന്നുള്ളു. അതുകൊണ്ടു് ഈ കാര്യത്തിലും ഒരു പരിഹാരമുണ്ടാക്കണമെന്നും, ഈ ഭേദഗതി സ്വീകരിക്കണമെന്നുമുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ ഇതിനെ അനുകൂലിക്കുന്നു.

മിസ്സിസ്സു് ടി. ഫ്രാൻസിസ്സു്: On a point of information ഈ അമെൻഡമെൻഡു ബിൽ നെൽകൃഷിക്കാരെ ബാധിക്കുന്നതുപോലെ തെങ്ങുകൃഷിചെയ്യുന്ന പാട്ടക്കാരേയും ബാധിക്കുമോ?

റാവു സാഹിബു് എ. മാധവപ്രഭു: ബാധിക്കും.

*മിസ്റ്റർ കെ. എസ്സു്. പണിക്കർ: സർ, പങ്കുപാട്ടച്ചീട്ടു് എന്നു പറയുന്നതു പലതാത്തിലുണ്ടു്. പറയുടെ കാര്യത്തിൽ ജന്മികളെ മാത്രം കുറ്റം പറഞ്ഞിട്ടു കാര്യമില്ല. ഗവമ്മെണ്ടു ഭരണത്തിലിരിക്കുന്ന ദേവസ്വത്തിലുള്ള പറകൾ പരിശോധിച്ചാൽ അതിനു വളരെ വ്യത്യാസമുണ്ടെന്നു മനസ്സിലാക്കാൻ സാധിക്കുന്നതാണു്. സ്റ്റാന്റേർഡു് പറക്കും ഗവമ്മെണ്ടിന്റെ ഭരണത്തിലിരിക്കുന്ന ദേവസ്വംവക പറക്കും തമ്മിൽ ഇടങ്ങഴി നെല്ലിന്റെ വ്യത്യാസമുണ്ടു്. എന്നു മാത്രമല്ല പാട്ടമളക്കുന്നതിനു തടിയന്മാരായിട്ടുള്ള ആളുകളേയാണു് നിയമിച്ചിരിക്കുന്നതു്. അവർ ചവിട്ടി മെതിച്ചാണു് പറയിൽ നെല്ലളക്കുന്നതു്, ഈ നിലയിലും കുടിയാന്മാക്കു വളരെ നഷ്ടം നേരിടാൻ ഇടയുണ്ടെന്നുള്ള അഭിപ്രായം എനിക്കുണ്ടു്. ഇങ്ങിനെയുള്ള അഴിമതികളാണു് ആദ്യം നിറുത്തേണ്ടതു്, എന്നിട്ടുവേണം ജന്മികളുടെ അഴിമതികൾ നിറുത്താൻ. ഇതാണു് എനിക്കു പറയാനുള്ളതു്.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Mr. President, I also support this motion for the introduction of this Bill. The Verumpattamdars' Act passed in 1118 to the extent to which it benefits the tenants, if at all it benefits the tenant is appreciated. But one thing has to be stated, Sir, with due deference to all parties concerned. That is that the principle alone underlying that Act is a commendable one. All the other sections, most of them at any rate, are ill-conceived, ill-drafted and not beneficial to the tenant. There are provisions in that Act which have the effect taking away with the left hand what is given by the right. My state-

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ment regarding the contents of that Act, apart from the principle on which it is based, *i.e.*, granting of fixity of tenure is in effect in the form in which I characterised in just now. This is borne out by the fact that as many as dozen amendments to get the real benefit of the Act to the tenants have alredy been tabled here even before this meeting, and in this meeting at different stages of it—consideration and leave to introduce—there are about half a dozen amendment Bills tabled. If proof is wanted for the ill-conceived nature of the Act that is now on our Statute Book, here we have that proof in plenty. Now this Bill which is placed before this House is only one attempt at improving some of the sections of the Act to do real benefit to the tenant without in the least injuring the interests of the jenmi who for the time being passes for his boss. My submission to this House, Sir, is that the Bill may be allowed to be sent to the Select Committee and that the Government should not get up and oppose this motion. Why I referred to this last portion of my observation is this: Evidence there is in plenty here, Sir, that ever since the Verumpattamdars' Act was passed in 1118 there is a tendency on the part of the Government not only a tendency, but Government has converted itself into a body, pro-jenmi, which though it does not completely mean anti-tenant—that the position in which the Government of Cochin can be seen by an impartial mind like mine, though it would seem otherwise to anti-tenant minds like that of my Hon'ble friend from Chittur. An impartial observer will say that in between 1118 and 1121 the Government of Cochin has grown pro-jenmi complete necessarily therefore anti-tenant, at least to some extent. That is the position Sir. Therefore there is no use of making that appeal to that side. Still I make that appeal because it is wise to take note of the respective position of parties in this House. This Bill, however strenuously the Government may oppose it, will go to a Select Committee. It should go to the Select Committee and what ever is to be done by the Government for the jenmi if they are minded that way could well be attempted there. I request the Government should not attempt an opposition of the Bill at this stage. This is a respectful submission I have to make before the House.

To the Hon'ble mover of the Bill I have to give a suggestion that he is not right in saying that clauses (*c*) and (*d*) dealing with the definition of "Pattam" and definition "Verumpattamdar" may be given up, as he has done in his speech. His idea of not pressing this now may be due to certain defects in the drafting of those clauses which he might have noticed later. But all the same I request that these provisions may also be retained there and that it should be the whole Bill that is to be sent to the Select Committee, so that changes in the definitions of "Pattam" and "Verumpattamdar" may well be attempted in the Select Committee. To bring about these changes the hon'ble mover can have the co-operation of the other members who will be going to the Select Committee. Therefore I appeal to him not to give up clauses (*c*) and (*d*). It is up-to him to reconsider the position he has taken up and see that the Bill as originally placed before this House may be sent to the Select Committee. That is a suggestion I wish to make to him particularly.

Now, upon the other clauses which deal with the eviction *i.e.*, clauses 3 and 4 of the Bill, I have to submit this much. Clause 3 refers to the eviction of a tenant for constructing a homestead—homestead for whom, not only for the jenmi but for anybody who is related to him although of the 40th degree relationship—everybody having anything to do with the jenmi—for the jenmi. If he wants to get a portion of the land to construct a house, the tenant under the existing Act has to part with it. That is clause 3 which refers to clause (*f*) of section 3 of the Act. Clause 4 of the Bill relates to the eviction of the tenant under certain contingencies such as land acquisition by Government, mentioned in the existing Act. Now I seriously ask this House, Sir, that the scheme of the Act being fixity of tenure to the verumpattamdar under normal conditions, can the jenmi expect to get anything other than the verumpattam fixed in the contract of tenancy from the tenants. So long as the pattam is being paid he has not got a right of eviction. Here this clause says that if he does not pay the pattam, that gives to him a cause of action to evict the tenant. I wonder how he gets that cause of action for eviction. What the scheme of the Act gives is the right to get pattam to the very last grain. And when a creditor finds that his debtor does not pay him under the ordinary law the creditor is not given the right to pounce upon the debtor and give him nice kicks on the cheeks or any part of the body and squeeze out the money. Certainly that is not the law under which we live. If that is so I ask how the failure of the tenant to pay the pattam at the due time gives him a right to evict the tenant. His remedy is to sue for the arrears of pattam to get it. A person suffering from typhoid is not to be treated for tuberculosis and a man who has committed theft is not to be tried for murder. The remedy must be appropriate to the mischief or the fault. Here therefore the object of the

LIBRARY ARCHIVES Kerala Legislative Assembly

Verumpattamdars' Act being to give fixity of tenure when a clause in that Act gives the right to jenmies to evict a tenant for the fault of non-payment, you are attacking the very principle and the object of the Bill. That explanation should not be there. That is a very reasonable thing unless you do not give up your pro-jenmi nature which you will have to do sooner or later if you do not like it. Hence clause 4.

The next clause relates to the re-numbering of section 13 and adding 2 more sub-sections to it. These sub-sections are very equitable things. One para of paddy has got a connotation of its own. One para cannot be 2 paras and it cannot also be 9 edangalies. A para should be a para alone. The jenmi keeps with him certain measures which very from jenmi to jenmi. Therefore to say that the Pattam must be paid only by theStandard Para is not much. Then the money order arrangement suggested here, I think, comes under another amendment for which I was responsible. Section 13 (3) will therefore have no scope in the light of the amendment we considered yesterday. That would have been incorporated in the amended Verumpattamdars' Act if of course it happily gets the Royal assent.

With regard to clause 6 I have to submit that it is a very important clause and I have a bounden duty to support that clause especially. A reference to the proceedings of the Council will show that I have been responsible for that change. The original Bill was something better than that. Whatever that be, at any rate, the apportionment of 1/8 and 7/8 was not there in the original Bill preferred to the Select Committee. Some different figure existed there.

Mr. M. Sivarama Menon *(Advocate-General):* There was no figure at all. It was left to the discretion of the Government to frame rules for the purpose.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Now, the prayer contained in this amendment is only a very equitable one. That is to make it fifty. And I would say going into the history of the ownership of properties of the so-called class of jenmies they are not even entitled to 50 per cent. But let us not be drastic in our dealings with them. Let us go by slow degrees. Let the Jenmi enjoy 50 per cent with the tenant who is really the owner and who is entitled to the whole value.

With these observations and with a final prayer to the Government that they should not indulge in any attempt to oppose this Bill at this stage I support the motion.

മിസ്റ്റർ പി. മാണി: മിസ്റ്റർ പ്രസിഡണ്ട്, സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു. ഗവണ്മെണ്ടു കുടിയാന്മാരോടു് അനുവർത്തിച്ചുവരുന്ന നയത്തിൽ എനിക്കു വളരെ സംശയം തോന്നുന്നുണ്ടു്. ഈ ഗവണ്മെണ്ടു് ഏതാണ്ടു ജന്മിയുടെ ഭാഗം വാദിക്കുന്ന ഒരു വക്കീലായിട്ടാണു് എനിക്കു തോന്നുന്നതു് (ഹിയർ, ഹിയർ). നീതിന്യായം ശരിയായി പാലിക്കുമെന്നുള്ള ഉദ്ദേശം ഈ ഗവണ്മെണ്ടിനില്ല. ജന്മിമാരെ പ്രോത്സാഹിപ്പിച്ചു വളർത്തിക്കൊണ്ടുപോവുകയെന്നുള്ളതാണു് ഈ ഗവണ്മെണ്ടിന്റെ ഉദ്ദേശമെന്നു പല തെളിവുകൾകൊണ്ടും ഞങ്ങൾക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. വെറുമ്പാട്ടക്കുടിയാനു വസ്തുവിൽ സ്ഥിരാവകാശം കൊടുക്കുന്ന നിയമത്തിൽ ഒരു ഭേദഗതി കഴിഞ്ഞ മകരം സെഷനിലാണെന്നു തോന്നുന്നു ഞങ്ങൾ ഇവിടെ അവതരിപ്പിച്ചു് പാസ്സാക്കുകയുണ്ടായി. എന്നാൽ അതു് ഇന്നേവരെ നിയമമാക്കാതെ നീട്ടിക്കൊണ്ടുപോയതിന്റെ ഉദ്ദേശമെന്താണു്? വെറുമ്പാട്ടവസ്തുക്കൾ കഴിപ്പിക്കുന്നതിനു് ഇവിടത്തെ കോടതികളിലുണ്ടായിരുന്ന എത്രയെത്ര കേസ്സുകളാണു് ഈ കാലത്തിനിടക്കു വിധിച്ചു് വസ്തുക്കൾ കഴിപ്പിച്ചുപോയിട്ടുള്ളതു്? എത്രവളരെ കേസ്സുകളാണു് വിധിയായിക്കഴിഞ്ഞിട്ടുള്ളതു്? ഇതു് ഈ ഗവണ്മെണ്ടു മനഃപൂർവ്വം വെറുമ്പാട്ടക്കുടിയാനോടു ചെയ്ത ഒരു അക്രമമല്ലേ എന്നാണു് ഞാൻ ചോദിക്കുന്നതു്.

അതുപോലെതന്നെ പൊളിച്ചെഴുത്തവകാശത്തിന്റെ കാര്യത്തിൽ കാണക്കുടിയാനെ സഹായിക്കേണ്ടതു് ഏറ്റവും അത്യാവശ്യമായ ഒരു സംഗതിയാണെന്നു ബോദ്ധ്യംവന്നതനുസരിച്ചു് അതേപ്പറ്റി ആലോചിച്ചു വേണ്ടതു പ്രവർത്തിപ്പാൻ ഈ ഗവണ്മെണ്ടിൽനിന്നും നിശ്ചയിച്ച കമ്മിറ്റി ഒരു ബിൽ സമർപ്പിച്ചിട്ടു്. ഇപ്പോൾ കാലമെത്ര കഴിഞ്ഞു? ആ ബിൽ ഇക്കാലംവരെ ഈ സഭയിൽ കൊണ്ടുവന്നു പാസ്സാക്കി നിയമമാക്കാതെ മാറ്റിവെച്ചിരുന്നതു് എന്തൊരുദ്ദേശത്തോടുകൂടിയാണെന്നാണു് ഞാൻ ചോദിക്കുന്നതു്. അതുപോലെതന്നെ ആ ബില്ലിൽനിന്നും വളരെ വ്യത്യസ്തമായിട്ടുള്ളതും കാണക്കുടിയാനെ ശക്തിയായി ദ്രോഹിക്കുവാൻ കരുതിക്കൂട്ടി ഉണ്ടാക്കിയിട്ടുള്ളതും അടുത്തദിവസം ഈ സഭയുടെ ആലോചനക്കു വിഷയമാക്കിയിട്ടുള്ളതുമായ ആ പുതിയ ബിൽ ആക്കുവേണ്ടി നിങ്ങൾ കൊണ്ടുവന്നതാണെന്നാണു് ഞാൻ ചോദിക്കുന്നതു്. ഇതെല്ലാം കാണുമ്പോൾ, കുടിയാനവനെ ത്യാജ്യകോടിയിൽ

LIBRARY ARCHIVES Kerala Legislative Assembly

തള്ളിക്കൊണ്ട് ജന്മികളെ മാത്രം സംരക്ഷിക്കുവാൻ, അവരുടെ കാര്യം മാത്രം പറയാൻ, അവക്കുവേണ്ടി മാത്രം വാദിക്കാൻ ഇവിടെ ഹാജരായിട്ടുള്ള ഒരുകൂട്ടം വക്കീലന്മാരാണ് ഗവ മെണ്ടുഭാഗത്തുള്ള നിങ്ങളെന്ന ഞങ്ങൾ വിശ്വസിക്കുന്നതിൽ, അല്ല പറയുന്നതിൽ എന്താ ണ് തെറ്റുള്ളത്?

അതേസമയത്തു ഞങ്ങൾക്ക് ഒരു ചുമതലയുണ്ട്. ഗവമ്മെണ്ട് ഇത്തരത്തിലുള്ള നയ മാണ് കൈക്കൊള്ളുന്നതെങ്കിൽ, ഈ ഭാഗത്തുള്ള ജനപ്രതിനിധികൾക്ക്, അതെ ൻ൯ %-ം കുടിയാന്മാരെക്കൊണ്ടു നിറഞ്ഞിരിക്കുന്ന ഇന്നാട്ടിലെ ജനങ്ങളുടെ പ്രതിനിധികളായ ഞ ങ്ങൾക്കും ഒരു ചുമതലയുണ്ട്. അതു മറെറാന്നുമല്ല. ജന്മികൾക്കും അവരുടെ വക്കീലന്മാ രായ നിങ്ങൾക്കും എതിരായി നിന്നുകൊണ്ട് ആ പാവപ്പെട്ട കുടിയാന്മാരുവേണ്ടി വാദി ക്കുകയെന്നുള്ളതാണ്. യഥാർത്ഥത്തിൽ കൃഷിക്കാരോടുള്ള ചുമതല നിറവേറുവാനാണ് ഞ ങ്ങൾ ഇപ്പുറത്തിരിക്കുന്നതു്. അതുകൊണ്ട് ജന്മികളുടെ ഭാഗത്തു് അവക്കുവേണ്ടി വാദിക്കു ന്ന നിങ്ങളെ ഏതെങ്കിലും തരത്തിൽ അവിടെനിന്നു തുരത്തി കുടിയാന്മാരെ സംരക്ഷിക്കണ മെന്നുള്ളതാണ് ഞങ്ങളുടെ ഉദ്ദേശം. അതുകൊണ്ടാണ് ജന്മികളേയും കുടിയാന്മാരേയും സം ബന്ധിക്കുന്ന നിയമങ്ങളിൽ പല അമൻറുമെൻറു ബില്ലുകളും ഇവിടെ ഹാജരാക്കി ശക്തി മത്തായ വാദപ്രതിവാദം നടത്തുന്നതു്. ഇന്നിവിടെ ഈ അജൻറയിൽ നോക്കിയാൽ കാ ണാം, വെറുമ്പാട്ട അമൻറുമെൻറ് ആക്ട് എത്രയാണ്. ഓരോ മെമ്പർമാരും സമർപ്പിച്ചിട്ടുള്ളതെ ന്ന്. അതിനുള്ള കാരണം ഏതെങ്കിലും തരത്തിൽ കുടിയാന്മാക്ക് കിട്ടേണ്ട അവകാശം അ വക്കു കൊടുപ്പിക്കണമെന്നു് ഈ ഭാഗത്തിരിക്കുന്ന ജനപ്രതിനിധികളുടെ ആഗ്രഹം ഒന്നു മാത്രമാണ്. എൻെറ മാന്യസ്നേഹിതൻ മിസ്റ്റർ എഴത്തശ്ശൻ കൊണ്ടുവന്ന ഈ ബിൽകൊ ണ്ടു് കുടിയാന്മാക്ക് കാര്യമായ ഗുണമുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. കാരണം, വെറുമ്പാട്ടക്കുടിയാന്മാരെ വസ്തുവിൽനിന്നു് ഒഴിപ്പിക്കാൻ സാധിക്കാത്ത ഒരു വ്യവസ്ഥയു ണ്ടാക്കിയാൽ മാത്രമേ കുടിയാന്മാക്ക് രക്ഷകിട്ടുകയുള്ളു എന്നാണ് ഞാൻ വിശ്വസിക്കുന്നതു്. കാണക്കുടിയാന്മാർ മിച്ചവാരം ബാക്കിവെച്ചാൽ അതു വസ്തുവിൽനിന്നു് ഇറക്കാമെന്ന നിയമമിരിക്കെ വെറുമ്പാട്ടക്കുടിയാൻ പാട്ടം കൊടുക്കാതെ ബാക്കിവെച്ചാൽ വസ്തു ഒഴിപ്പി ക്കുന്നതിനു അനുവാദം കൊടുക്കാതെ വസ്തു വിറെറടുക്കാൻ നിയമമുണ്ടാക്കിയാൽ എന്താ ണ് പോരായ്മ?

പിന്നെ മറെറാരു കാര്യംകൂടി എനിക്കു പറയാനുണ്ട്. വെറുമ്പാട്ടകുടിയാന്മാക്ക് ശാ ശ്വതാവകാശം കൊടുത്തതുകൊണ്ടു് ആക്കാണ് ഗുണം സിദ്ധിച്ചിട്ടുള്ളതു്? വെറുമ്പാട്ടക്കുടി യാന്മാക്കു യാതൊരു ഗുണവും സിദ്ധിച്ചിട്ടില്ല. ഈ നിയമം നടപ്പിൽ വരുത്തുന്നതിനു മുമ്പു്, ജന്മികൾക്കു പാട്ടം ശരിയായി കിട്ടാത്തതുകൊണ്ടു് അതിനെ സംബന്ധിച്ചു വളരെ കേസ്സുകൾ കോടതിയിലുണ്ടായിരുന്നു. അതു മാറി, അക്രമമായ പാട്ടം അവക്കു യാതൊരു പീഡയും വരാതെ പിരിക്കുവാനുള്ള ഒരു സൌകര്യം ഗവമ്മെണ്ടു ചെയ്തു കൊടുത്തു എന്നുള്ളത ല്ലാതെ കുടിയാന്മാരെ ഒരു വിധത്തിലും സഹായിച്ചിട്ടില്ല. ഇന്നു് പാട്ടക്കുടിശ്ശികക്കുള്ള കേസ്സുകൾ എത്രയോ കുറവാണെന്നുള്ളതു് കോടതിയിലുള്ള കേസ്സുകൾ നോക്കിയാൽ അ റിയാം. മുൻകാലങ്ങളിൽ മൂന്നും, നാലും കൊല്ലത്തെ പാട്ടം ബാക്കി കൊടുക്കാനുള്ളവർ ഉണ്ടായിരിക്കും. എന്നാൽ ഇന്നു് ജന്മിയുടെ ആട്ടുക്കൽ തവണ തെറാതെ പാട്ടം കൊണ്ടു പോയി കൊടുക്കുന്നു. പാട്ടബാക്കിയിൽ ൻ൦ ദിവസം കഴിഞ്ഞാൽ വസ്തു ഒഴിഞ്ഞു കൊ ടുക്കണം. അതിനെ തുടർന്നു് ശാശ്വതാവകാശം കിട്ടാൻ പാട്ടം ശരിയായി കൊടുക്കുന്നു. അതിനാൽ ജന്മിക്കു് യാതൊരു കുടിശ്ശികയും കൂടാതെ യാതൊരു കോട്ടവും കൂടാതെ ഇന്ന ത്തെ അക്രമപാട്ടം ഈടാക്കുന്നു. കുടിയാന്മാക്ക് ഗുണമുണ്ടാകണമെങ്കിൽ ഒരു സെറിൽമെ ൻറു നടത്തി ശരിയായ പാട്ടം നിശ്ചയിക്കണം.

വേറൊരു കാര്യം ഈ ബിൽ കൊണ്ടാവശ്യപ്പെടുന്നതു് ജന്മികൾ നെല്ലു് അളന്നൊടുക്കു ന്ന പറയെ സംബന്ധിച്ചാണ്. ഇവിടെ എൻെറ മാന്യസ്നേഹിതൻ മിസ്റ്റർ പണിക്കർ പറയു കയുണ്ടായി ദേവസ്വത്തിൽ ഏതു പ്രകാരത്തിലുള്ള പറയാണുള്ളതെന്നു്. അതൊന്നു പരീക്ഷി ച്ചാലറിയാം പരമാർത്ഥം. ൧൦-ന ൧൧-ം, ൧൨-ം കൊള്ളുന്നതാണ് ആ പറ. അതോടൊ പ്പം ഇവിടത്തെ സ്റ്റാൻേറർഡ് പറ തന്നെ ഒന്നു പരിക്ഷിച്ചു നോക്കാൻ ഞാനാവശ്യപ്പെ ടുന്നു ൧൦-ന ½-ം, ൧-ം, ൨-ം ഇടങ്ങഴി വ്യത്യാസം സ്റ്റാൻേറർഡ് പറ തമ്മിലുണ്ട്. ഇതു ഞാൻ ഫുഡ് സപ്ലൈ ഡയറക്ടരെ അറിയിച്ചുകൊള്ളുന്നു. എൻെറ അനുഭവംകൊണ്ടു പറയു കയാണെങ്കിൽ ഒരു പറ നെല്ലു് അളന്നൊടുത്തു് മറെറാരു പറയിൽ അളന്നു നോക്കുകയാണെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിൽ ൻ ½ കാണം, അല്ലെങ്കിൽ ഫ 0¼ കാണം. ഇതു തെളിയിക്കാൻ ഞാൻ തയ്യാറാണു". ഇത്തരത്തിൽ ഗവമ്മേണ്ടു മദ്ര വെച്ചു പറയുന്ന വ്യത്യാസം കാണുന്നവെങ്കിൽ; യാതൊരു നിബന്ധനയുമില്ലാതിരിക്കുന്ന ജന്മികളുടെ പറയുന്നു" എത്രമാത്രം വ്യത്യാസമുണ്ടാകാം. എന്റെ നിയോജകമണ്ഡലത്തിൽ ചോറാനിക്കര ദേവസ്വം എന്നറിയപ്പെടുന്ന ഒരു ദേവസ്വമുണ്ടു". ലക്ഷക്കണക്കിനു നെല്ലു പാട്ടം വരുന്ന ഒരു ദേവസ്വമാണതു". അവിടെക്കു നെല്ലു കൊടുക്കുവാൻ ഞാനും പോന്നിട്ടുണ്ടു". എന്റെ അനുഭവമാണു പറയുന്നതു". അവിടെ സാധാരണ പാട്ടമളക്കുന്ന സ്ഥലത്തു ഇതരജാതിക്കാർക്കു പ്രവേശനമില്ല. നെല്ലുകൊണ്ടു പോന്നാൽ അകലെ കൊണ്ടുപോയി വെക്കും. ദേവസ്വത്തിലെ ആളുകൾ നെല്ലെടുത്തു കൊണ്ടു പോയാൽ ചിലപ്പോൾ അന്നളന്നു എന്നു വരാം. അല്ലെങ്കിൽ നാലുദിവസം കഴിഞ്ഞേ അളന്നുള്ളു എന്നു വരാം. ഫ 0 പറ നെല്ലു കൊണ്ടുപോയാൽ വ പറയായി അളന്നു എന്നു വരാം. ചിലപ്പോൾ അതുമുണ്ടായില്ലെന്നു വരാം. പറയുന്നു" എല്ലായിടത്തും ശരിയായ ഒരു ക്ലിപ്തത വരണമെങ്കിൽ അതാതു കാലത്തെ നിലവാരമനുസരിച്ചുള്ള നെല്ലിന്റെ വില ജന്മിക്കു കൊടുക്കാൻ വ്യവസ്ഥ വരണം. അതുകൊണ്ടു കാര്യമായ ഗുണം കുടിയാന്മാക്കുണ്ടാകുകയുള്ളു.

കുടിയാന്മാക്കു വസ്തുവിൽ സ്ഥിരാവകാശം കൊടുക്കണമെന്നു" ഞങ്ങൾ ആവശ്യപ്പെട്ടതിനു പിന്നെയും കാരണമുണ്ടു". നമ്മുടെ നാട്ടിൽ കാണുന്ന ഭക്ഷണക്ഷാമത്തിനു പരിഹാരമുണ്ടാക്കാൻ ഇതുകൊണ്ടു മാത്രമേ സാധിക്കുകയുള്ളു. കാരണം വസ്തുവിൽ സ്ഥിരാവകാശമുണ്ടെങ്കിൽ മാത്രമേ, എത്ര ഇരട്ടി വിളവു" വർദ്ധിപ്പിക്കാൻ അവർക്കു സാധിക്കുമോ അത്ര ഇരട്ടി വിളവു വർദ്ധിപ്പിക്കാൻ അവർ ശ്രമിക്കയുള്ളു. ഇന്നു വസ്തുവിൽ ഉണ്ടാകുന്നതിൽ ൻ ൻ %-ം അല്ല ഫ ഫ 0 %-ം ജന്മികൾ കൊണ്ടുപോകുന്നു. പിന്നെ എന്താവശ്യത്തിനാണു" അവർ കൃഷി ചെയ്യുന്നതു". സർ, ഞങ്ങളുടെ നാട്ടിൽ അനേകം പാട്ടവസ്തുക്കളുണ്ടു". വയ്ക്കോൽ കിട്ടുന്നതിനുവേണ്ടി മാത്രം പാട്ടത്തിനു നടക്കുന്ന അനേകം കുടിയാന്മാരുണ്ടു". എന്നാൽ ഇന്നു ആ വയ്ക്കോൽ പോലും അവർക്കു കിട്ടുന്നില്ല. കാരണം വയ്ക്കോലിനു വില കൂടിയതാണു". ഇതേവരെ ജന്മികൾ വയ്ക്കോൽ ആവശ്യപ്പെട്ടിട്ടില്ല. അതിനു വില കൂടിയപ്പോൾ അതും കൂടി അവർക്കു കിട്ടണം. വയ്ക്കോൽ കൊടുത്തില്ല എന്നുള്ള കാരണം കൊണ്ടു വസ്തു ഒഴിയാൻ പറഞ്ഞു കേസ്സു കൊടുത്തതായി എനിക്കറിയാം. ഇങ്ങനെ കുടിയാന്മാരെ എല്ലാത്തരത്തിലും ചൂഷണം ചെയ്യാൻ ഗവമ്മേണ്ടും ജന്മികളും ഒന്നു ചേർന്നു പ്രയത്നം നടത്തുന്നതിനെയാണു" ഞങ്ങൾ എതിർക്കുന്നതു". സർ, നിങ്ങൾ ഇനിയെങ്കിലും ഇതിൽനിന്നു" ഒന്നു മാറിയാൽ തരക്കേടില്ല. ആളുകൾ ഉദ്യോഗത്തിൽ പ്രവേശിച്ചാൽ ചുറവം നടക്കുന്നതു" എന്താണെന്നോ, ലോകം എങ്ങോട്ടാണു" നീങ്ങുന്നതെന്നോ അവർ മനസ്സിലാക്കുന്നില്ല എന്നു തോന്നിപ്പോകുന്നു. ഞങ്ങൾ ഏതായാലും ജന്മികളെ നിലനിർത്താൻ ഉദ്ദേശിച്ചിട്ടില്ല; അതിനെ ഇല്ലായ്മചെയ്യുമെന്നുള്ളതു തീർച്ചയാണു". ഞങ്ങളോടുകൂടി നിങ്ങളും ചേരുന്നില്ലെങ്കിൽ ഞങ്ങളുടെ നിലനില്പിനു തന്നെയാണു" കേട്ടം തട്ടുന്നതു" എന്നു നിങ്ങൾ മനസ്സിലാക്കണം. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

4. Announcement by the President regarding extension of the Session of the Council

Mr. President: Before the Hon'ble Members leave the House I have to announce that His Highness the Maharaja has been pleased to extend this Session until Saturday. Hon'ble Members would let me know before this House rises this evening, whether they would like to sit tomorrow and Friday, for further non-official business or whether they would adjourn from this evening till Saturday.

The House adjourned for lunch at 1-30 p. m. and re-assembled at 2-30 p. m. with the Hon'ble President in the Chair.

(iii) The Cochin Verumpattamdars' Act (Amendment) Bill (*cont.*)

Mr. A. Eachara Menon *(Chittur-Tattamangalam):* Mr. President Sir, we have been told *ad nauseum* that the use of Patta Para should be made penal. We have seen here a stifling of the discussion. Now they say that the use of Patta Para should be made penal. This is a proposal that will tantamount to stifling of contracts also. If I contract with a tenant of min that he should give me a basket full of paddy for a piece of land it is also proposed to be mad penal under this Bill. It is on Patta Para that we have contracted with the tenant. If the Par

LIBRARY ARCHIVES Kerala Legislative Assembly

is bigger than Mudra Para or Standard Para there should be no objection in asking him to pay the excess under the Patta Para in terms of Mudra Para. Therefore what difference is there if we take from him Pattom in Patta Para or Mudra Para. If in Patta Para he will have to give a less number of Paras, in Mudra Para he will have to give a little more number of Paras by way of commutation. But where is "penalising" lying in it.

Mr. K. I. Velayudhan *(Ezhuvas-Talappalli):* Then only it can be stopped.

Mr. A. Eachara Menon *(Chittur-Tattamangalam)* Now Sir, coming as it does from a Graduate-in-law I should perforce think it has every weight that he attaches to it.

Then with regard to the giving of a share in the land acquisition I have to say this much. If it is a paddy land what right has the tenant to share with us if that land is taken by acquisition. If it is a paramba he might have paid a little attention to it, he might have some improvements made and so he is entitled to get something. What that amount should be it is for the people to consider what all improvements etc. It is just that that he should have something. In the other case that is in the case of paddy lands he is not entitled to get anything at all. Under the Bill it is proposed to give a large share of that also to the tenant. How is it just, I ask?

Then it has been stated about the brief that the Government had taken for the Jenmies in advocating their cause. Yes. The Government had taken a brief from us and has given us the Verumpattamdars Act!

Mr V. R. Krishnan Ezhuthassan *(Oorakam):* Do you speak for the Jenmi?

Mr. A. Eachara Menon *(Chittur-Tattamangalam):* I do not speak for the Jenmi. But I am for the tenant much more than you there and I have done for them much more than what you have done.

Mr. V. R. Krishnan Ezhuthassan *(Oorakam):* You are using the word "us" all along, You were saying that the Government had taken a brief from "us". That is why I asked whether you were speaking for the Jenmies.

Mr. A. Eachara Menon *(Chittur-Tattamangalam):* Yes. For the brief the Jenmies have given to the Government, the Jenmies have been given the Verumpattamdars Act to take away from them all rights they had in their own land!

Mr. P. Kumaran Ezhuthassan *(Vadakkancheri): Bourgois.*

Mr. A. Eachara Menon *(Chittur-Tattamangalam):* The Jenmies got possession of the land by hard earning. The tenants have come only now. Before that they were working and they were keeping money with them and they were trying to make a fortune. Now what is it that is done by the tenants. It has been stated here that the tenants have nothing to get from their estate, other than the straw which the Jenmies were not taking away before when straw had no value. But Jenmies now take straw, not to eat it for themselves but to give to the cattle. Jenmies were not in the habit of selling straw all along. They have used for the cattle foder. The tenants might have been selling straw so that they may meet their little needs. With these few words I oppose, the motion for the introduction of this Bill.

***Mr. M. Sivarama Menon** *(Advocate-General):* Government oppose this motion. As the Hon'ble Mover is not pressing clause 2 relating to the definition of 'Pattam' and 'Verumpattamdar', I shall straight-a-way proceed to the other amendments that are sought to be made.

Clause 3 reads "Omit clause (f) of section 3 of Act, VIII of 1118". The omission sought for is intended to confer upon Verumpattamdars in possession of lands within Municipal areas constituted under the Cochin Municipal Act fixity of tenure as has been conferred upon the tenants in other parts of the State. That is the purpose of this amendment. And though no particular stress was made upon this provision contained in the Amending Bill, I think it is better to explain the purpose of this amendment, so that the House will be apprised of the full facts. No doubt, I am fully aware of the warning extended to me by the Hon'ble Member from Vadakkancheri that whatever be the arguments advanced from this section of the House, the Bill is sure to be passed.....

Mr. P. Kumaran Ezhuthassan *(Vadakkancheri):* It was only a suggestion.

Mr. M. Sivarama Menon *(Advocate-General):* At least that is the conclusion that I draw from the lesson I learnt yesterday. If that is not so, I shall try to convince this House why Government cannot agree to such drastic provisions as are contained in the Bill. I quite realise that there is a strong opinion current among several members of the public that in fact Government have done some benefit to the tenantry by undertaking the Cochin Verumpattamdars Act. There is equally a strong body of opinion that even though the Cochin Verumpattamdars Act has conferred fixity of tenure upon the tenants some of the provisions in that Act have

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

